# നഗരങ്ങൾ

നഗരങ്ങളാണ് നാഗരികതയുടെ മടിത്തട്ടുകളായി വർത്തിക്കുന്നത്. ഗ്രാമങ്ങളിൽനിന്നാണവ ഊർജം സംഭരിക്കുന്നതെങ്കിലും മുസ്‌ലിം പട്ടണങ്ങളെല്ലാം ചെറു നഗരങ്ങളായിരുന്നു. 10,000-ത്തിൽ കവിയാത്ത ജനസംഖ്യയാണ് ഓരോ നഗരത്തിലും ഉണ്ടായിരുന്നത്. നഗരങ്ങളെ കോട്ടകൾ കെട്ടി ഭദ്രമാക്കിയിരുന്നു. പള്ളിയായിരുന്നു നഗര കേന്ദ്രം.

മദീനഃ (പ്രവാചകന്റെ നഗരം) കേന്ദ്രീകരിച്ചാണ് ആദ്യ ഇസ്‌ലാമിക രാഷ്ട്രം നിലവിൽവന്നത്. പ്രവാചകന്റെ പള്ളി (മസ്ജിദുന്നബവി) കേന്ദ്രീകരിച്ച് മദീനഃ വളർന്നു. നബിയുടെ പള്ളിക്കുതന്നെ കാലാന്തരങ്ങളിൽ വലുപ്പവും പ്രൗഢിയും വർധിച്ചു. കഅ്ബഃ സ്ഥിതിചെയ്യുന്ന മക്കഃ പ്രവാചകന്റെ ജന്മ നഗരമാണ്. മക്കഃ വിജയത്തോടെ മക്കഃ പൂർണമായും ഇസ്‌ലാമിന്റെ നഗരമായി മാറി. മക്കഃയും മദീനഃയും പുണ്യ നഗരങ്ങളും തീർഥാടന കേന്ദ്രങ്ങളുമാണ്. പുണ്യ നഗരങ്ങൾ ഐശ്വര്യത്തിന്റെയും വിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളായി പരിലസിച്ചു. ജറൂസലം ആണ് ഇസ്‌ലാമിലെ മറ്റൊരു പുണ്യ നഗരം. എട്ടാം നൂറ്റാണ്ടിൽ ജറൂസലം ജനസംഖ്യയിൽ ഭൂരിപക്ഷം അറബികളായിരുന്നു. മസ്ജിദുൽ അഖ്സ്വായാണ് ജറൂസലമിന്റെ ആകർഷണം.

ഒന്നും രണ്ടും മൂന്നും ഖലീഫഃമാരുടെ കാലത്ത് മദീനഃയായിരുന്നു ഇസ്‌ലാമിക ഭരണത്തിന്റെ തലസ്ഥാന നഗരി. നാലാം ഖലീഫഃ അലി തലസ്ഥാനം ഇറാഖിലെ കൂഫഃയിലേക്കു മാറ്റി. മുആവിയഃയുടെ തലസ്ഥാനം ദമസ്കസ് ആയിരുന്നു. ഉമവീ ഖലീഫഃമാർ തലസ്ഥാനം ദമസ്കസ് തന്നെയായി നിലനിർത്തി. 'ഭൂമിയിലെ ഉദ്യാനം' എന്നാണ് ദമസ്കസ് വിശ്രുതമായത്. ദമസ്കസിൽ 1,20,000 പൂന്തോട്ടങ്ങളുണ്ടായിരുന്നുവത്രെ. 100 ജലധാരകളും 100 പൊതു കുളിമുറികളും ദമസ്കസിൽ ഉണ്ടായിരുന്നു. "ദൈവത്തിന്റെ നഗരങ്ങളിൽ ഏറ്റവും ആഹ്ലാദ ദായകം ദമസ്കസ് ആണെ"ന്ന് ഇദ്‌രീസി എഴുതിയിട്ടുണ്ട്. ആർഭാടങ്ങൾ നിറഞ്ഞതായിരുന്നു നഗര മധ്യത്തിൽ മുആവിയഃ പണികഴിപ്പിച്ച കൊട്ടാരം. നഗരത്തിൽ 572 പള്ളികളുണ്ടായിരുന്നു. വടക്കു ഭാഗത്തായിരുന്നു സുപ്രസിദ്ധമായ വലിയ പള്ളി. ഉമവീ കാലഘട്ടത്തിന്റെ ഇപ്പോഴും ശേഷിക്കുന്ന സ്മാരകങ്ങളിലൊന്നാണ് ദമസ്കസിലെ വലിയ പള്ളി.

അബ്ബാസികളുടെ ആസ്ഥാനമായിരുന്ന ബഗ്ദാദ് ആണ് ഇസ്‌ലാമിക നാഗരികതയുടെ യശോധാവള്യം മുഴുവൻ ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായ നഗരം. 'അനുഗൃഹീത ബഗ്ദാദി'നെക്കുറിച്ച് കവികൾ എമ്പാടും കവിതകൾ ആലപിച്ചിട്ടുണ്ട്. കവി അൻവരി പാടി:

"അനുഗൃഹീതം ഈ ബഗ്ദാദ്
വിജ്ഞാനത്തിന്റെയും കലകളുടെയും കേന്ദ്രം.
ലോകത്തെങ്ങുമില്ല അവൾക്കു
തുല്യമായൊരു നഗരം.
നീലാകാശത്തോടൊപ്പം
അവളുടെ പ്രാന്തപ്രദേശങ്ങൾ സൗന്ദര്യമണിഞ്ഞിട്ടുണ്ട്.
അവളുടെ കാലാവസ്ഥ
സ്വർഗത്തിലെ മന്ദമാരുതനോടെതിരിടുന്നു.
അവളുടെ ചരൽക്കല്ലുകൾ
രത്നങ്ങളെക്കാൾ വിലപിടിച്ചതത്രെ..."

പ്രാചീന ബാബിലോൺ നഗരമാണ് ബഗ്ദാദായി മാറിയത്. യൂഫ്രട്ടീസും ടൈഗ്രീസും ബഗ്ദാദിനെ സമൃദ്ധിയുടെ മടിത്തട്ടാക്കി നിലനിർത്തി. ബഗ്ദാദിനെ മോടിപിടിപ്പിക്കുന്നതിൽ അബ്ബാസീ ഖലീഫഃമാർ മൽസരിച്ചു. അനേകം പള്ളികളും സത്രങ്ങളും ഉദ്യാനങ്ങളും അവർ പണിതു. ഗ്രന്ഥശാലകളും കലാലയങ്ങളും ബഗ്ദാദിന്റെ കീർത്തി വർധിപ്പിച്ചു.

സ്പെയ്നിലെ കൊർദോവ, ഉഥ്മാനിയാ ഖിലാഫതിന്റെ ആസ്ഥാനമായിരുന്ന ഇസ്തംബൂൾ, ഇറാഖിലെ ബസ്റഃ, ഫലസ്ത്വീനിലെ റാമല്ലാ, പേർഷ്യയിലെ ഇസ്ഫഹാൻ, തിബ്‌രീസ്, യൂഫ്രട്ടീസിന്റെ തീരത്തെ റഖ്ഖഃ, ശീഈ കേന്ദ്രമായ മശ്ഹദ്, തുറമുഖ നഗരമായ ട്രിപ്പോളി ഇവയാണ് ഇസ്‌ലാമിക നാഗരിഗതയിൽ അഭിവൃദ്ധി നേടിയ ഇതര നഗരങ്ങൾ. മിനാരങ്ങളും കവാടങ്ങളും തലയുയർത്തി നിന്നു. ഈ നഗരങ്ങൾ മനോഹരമായി സംവിധാനിച്ചവയും വൃത്തിയുള്ളവയുമായിരുന്നു. വിശാലമായ വ്യാപാരത്തെരുവുകളുള്ളവയായിരുന്നു ഈ നഗരങ്ങൾ.